എസ് എം എൽ പി സ്കൂൾ
വടക്കേത്തറ
മേലാർകോട്

ആലത്തൂർ,പാലക്കാട്

# ലക്ഷ്യ
(അക്കാദമിക മാസ്റ്റർ പ്ലാൻ)

(എരിമയൂർ പഞ്ചായത്ത്)

**2025–2026**

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാര് ആവിഷ്കരിയ്ക്കുന്ന പൊതുവിദ്യാഭാസ 'സംരക്ഷണ യജ്ഞം 'ആവേശത്തോടെ മുന്നേറുന്ന സാഹചര്യത്തിൽ, മാറ്റങ്ങൾക്കായി നമ്മുക്കും ഒരുമിക്കാം . അധ്യാപക - രക്ഷാകർത്ത്യ ബന്ധം സുദൃഢമാക്കി സർക്കാറിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ, നമ്മുടെ വിദ്യാലയം മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ സാർത്ഥകമാക്കാൻ ഒരുമിച്ചു പ്രയത്നിക്കാം . പരിമിതികൾ മറികടന്ന് 'ലക്ഷ്യ' യെ പരിപൂർണതയിൽ എത്തിക്കാൻ നാം കഴിവതെല്ലാം ചെയ്യേണ്ടതുണ്ട് ......

# ഉള്ളടക്കം


ആമുഖം 2

ചരിത്രം 5

കാഴ്ചപ്പാട് 6

ലക്ഷ്യങ്ങള് 7

## ഭാഷ

മധുരം മലയാളം 8

ഇന്നത്തെ വാർത്ത 8

പുസ്തകങ്ങൾ കൈയെത്തും

ദൂരത്ത് 9

മികച്ച സൃഷ്ടികൾ 10

പരിചിത സാഹിത്യം 10

തിളങ്ങുന്ന മലയാളം 11

നിറകൂട്ട് 11

## ഗണിതം

ഗണിതം ജീവിതം 12

ഗണിതം രസകരം 12

## പരിസരപഠനം

ശാസ്ത്ര കൗതുകം 13

സഞ്ചാരം 14

ആരോഗ്യം സമ്പത്ത് 14

ഔഷധ ലോകത്തെ
നാട്ടറിവുകൾ 15

## ഇംഗ്ലീഷ്

ABCD 15

## പാഠ്യേതരം

ഒന്നാമൻ 16

ബാലവാടി 17

ജൈവ വൈവിധ്യ
പാർക്ക് 17

ഉപസംഹാരം 18

# കാഴ്ചപ്പാട്

സമൂഹത്തിലെ മുഴുവൻ
ജനവിഭാഗത്തിന്റെയും വിശ്വാസം
ആർജിച്ച് പൊതു
വിദ്യാഭ്യാസത്തിലേക്ക്
ആകർഷിക്കുക എന്ന ദൗത്യം
സക്ഷാത്കരിയ്ക്കലാണ്
പ്രവർത്തന ഉദ്ദേശ്യം . ഇതിലൂടെ
വിദ്യാലയത്തെ മികവിന്റെ
കേന്ദ്രമാക്കുകയും, മാതൃക സ്ഥാപന
മാക്കി ഉയർത്തുകയും ചെയ്യുക.

# ചരിത്രം

ആലത്തൂര് ബിആർസിയുടെ കീഴിൽ എരുമയൂർ ഗ്രാമപഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് എസ് എം എൽ പി സ്കൂൾ. വിദ്യാലയത്തിന് 120 വർഷത്തെ ചരിത്ര പാരമ്പര്യമുണ്ട്. ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാലയം ഇതാണെന്നും വയോധികർ സാക്ഷ്യപ്പെടുത്തുന്നു.

അഞ്ചാം ക്ലാസ് വരെയുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ഇന്നും ഒന്നു മുതൽ നാലുവരെ ക്ലാസ്സുകൾ ആണ് ഉള്ളത്. പ്രീകെജിയും നടത്തപ്പെടുന്നു. നാല് അധ്യാപകർക്ക് പുറമേ ഒരു പ്രീ പ്രൈമറി ടീച്ചറും ജോലി ചെയ്യുന്നു. കഴിഞ്ഞ അക്കാഡമിക് വർഷങ്ങൾ കൂടെയുള്ള യാത്രയിൽ വിദ്യാലയത്തിൽ നിന്നും വിജയിക്കുന്ന കുട്ടികൾ എല്ലാ വിഷയങ്ങളിലും പ്രാഥമിക അറിവ് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്. വിദ്യാലയം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ചിലത് കുട്ടികളുടെ യാത്ര ക്ലേശവും സാമ്പത്തിക പിന്നോക്ക അവസ്ഥയുമാണ്.

# ലക്ഷ്യങ്ങൾ

- പ്രീ പ്രൈമറി വിദ്യാഭ്യാസം ആധുനികവത്കരിക്കുക.
- ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി - പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിഷയാടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം
- ലാബ്, വായനശാല എന്നിവ പരിപോഷിപ്പിക്കുക
- സർഗ്ഗവാസന വളർത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക
- ഐടി പഠന സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- പാഠ്യേതര മികവ് ഉണർത്താനുള്ള പ്രവർത്തനങ്ങൾ നൽകുക
- One school one game
- കാർഷിക സംസ്കൃതി വളർത്തുക
- പരസ്പര സഹകരണം
- ശുചിത്വബോധം കൈവരിക്കൽ, മാലിന്യ സംസ്കരണം
- ആരോഗ്യ ശീലങ്ങൾ
- പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു
- ഡിജിറ്റൽ അച്ചടക്കം
- PTA SSG എന്നിവയുടെ ശാക്തീകരണം
- പൊതുമുതൽ സംരക്ഷണം
- ഭാഷ, ഗണിതം, ഇംഗ്ലീഷ് എന്നി വിഷയങ്ങളിൽ പ്രാവീണ്യമുണ്ടാക്കൽ
- ലഹരിക്കെതിരെയുള്ള പ്രതിരോധം
- ട്രാഫിക് നിയമങ്ങൾ
- "ശ്രദ്ധ" വിദ്യാഭ്യാസ പരിപാടി - മൂന്നാം തരം

മേഖല :-അക്കാദമികം

ഉപമേഖല:-ഭാഷാപഠനം

1. പ്രവർത്തനത്തിന്റെ പേര് :-മധുരം മലയാളം

ലക്ഷ്യങ്ങൾ

- കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തൽ
- വായനാ സാമഗ്രികളുടെ നിർമാണം ,ശേഖരണം അവ പ്രയോജനപ്പെടുത്തൽ

പ്രവർത്തനങ്ങൾ

- ഐ ടി സഹായത്തോടെ ഓരോ ക്ലാസ്സിനും ആവശ്യമായ വായനാ സാമഗ്രികൾ /ലോക്കൽ ടെക്സ്റ്റ് കണ്ടെത്തുന്നു .
- കുട്ടികൾ ,രക്ഷിതാക്കൾ,അധ്യാപകർ എന്നിവരുടെ പങ്കാളിത്തത്തോടെ വായനാ സാമഗ്രികൾ നിർമ്മിക്കുന്നു .
- വായന കാർഡുകൾ വീട്ടിലേക്കു നൽകി രക്ഷിതാവും കൂടി ചേർന്ന വായനയ്ക്കുള്ള അവസരം ഒരുക്കുന്നു .
- മുന്നോക്കക്കാർക്കു ലൈബ്രറി പുസ്തകങ്ങള് ഈ രീതിയില് നൽകുന്നു .

ചുമതല :-SRG, PTA

കാലയളവ് :-ജൂൺ മുതല് മാർച്ചു വരെ

സാമ്പത്തികം :- PTA

മേഖല :-അക്കാദമികം

ഉപമേഖല:-ഭാഷാപഠനം

2. പ്രവർത്തനത്തിന്റെ പേര് :- ഇന്നത്തെ വാർത്ത

ലക്ഷ്യങ്ങൾ

- പത്രവായന പ്രോത്സാഹിപ്പിക്കുന്നതിന്
- മാസികകൾ ശേഖരിക്കൽ

പ്രവര്‍ത്തനങ്ങള്‍

- സ്കൂളിലെ പത്രം വായിച്ചു തലക്കെട്ടുകള്,വാര്‍ത്തകള്‍എന്നിവ അസ്സംബ്ലിയില്‍അവതരിപ്പിക്കല്‍
- വിശ്രമ വേളയില്‍ പിന്നോക്കം നില്‍ക്കുന്ന കുട്ടികളെ ഉള്‍പ്പെടുത്തി പത്രം വായന
- പിറന്നാളിനൊരു പുസ്തകം
- അധ്യാപകര്‍ ,രക്ഷിതാക്കള് ,കുട്ടികള്‍ എന്നിവര്‍ചേര്‍ന്ന് ചുറ്റുമുള്ള വീടുകളില്‍ നിന്ന് മാസികകള്‍ശേഖരിക്കല്‍ അവ ഉപയോഗിക്കല്‍

ചുമതല :-PTA
കാലയളവ് :-1വര്‍ഷം
സാമ്പത്തികം :-SSG

മേഖല :-അക്കാദമികം

ഉപമേഖല:-ഭാഷാപഠനം

3. പ്രവര്‍ത്തനത്തിന്റെ പേര് :-പുസ്തകങ്ങള്‍ കൈയെത്തും ദൂരത്ത്

ലക്ഷ്യങ്ങള്‍

- ഓരോ ക്ലാസ്സിനും ഓരോ ലൈബ്രറി
- ലൈബ്രറി വികസനം

പ്രവര്‍ത്തനങ്ങള്‍

എല്ലാ ക്ലാസ്സുകളിലും ആധുനിക പ്രസിദ്ധീകരണങ്ങള്‍ ,മറ്റു വായനാ സാമഗ്രികള്‍ ,പുസ്തകങ്ങള്‍ ,ക്ലാസ്സിലെ മികച്ച രചനകള് എന്നിവ സ്ഥലം നിശ്ചയിച്ചു സൂക്ഷിക്കല്‍.
സൂക്ഷിച്ച പുസ്തകങ്ങള്‍ ഇഷ്ടാനുസരണം തിരഞ്ഞെടുത്തു ഓരോരുത്തര്‍ക്കും വായിക്കാനവസരം നല്‍കുന്നു.വായനയെ കുറിച്ച് വിലയിരുത്തുന്നു .

ചുമതല :-SRG, PTA
കാലയളവ് :-അക്കാദമിക വര്‍ഷം
സാമ്പത്തികം :- BRC

4. **പ്രവർത്തനത്തിന്റെ പേര് : മികച്ച സൃഷ്ടികൾ**

**ലക്ഷ്യങ്ങൾ**

★ ഭാഷയിൽ സ്വതന്ത്ര രചന പരിപോഷിപ്പിക്കൽ

★ ഭാഷയിലെ സർഗ്ഗാത്മക രചന വികസിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

★ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കാനായി സ്കൂളിനു മുൻവശത്ത് സ്ഥിരസംവിധാനം

★ വിലയിരുത്തി അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കൽ

★ ബാലസഭയിൽ മികച്ച രചനകൾ കണ്ടെത്തി അവതരിപ്പിക്കുന്നു. പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു.

| | | |
|---|---|---|
| ചുമതല | : | എസ്. ആർ. ജി |
| കാലയളവ് | : | അക്കാദമിക വർഷം |
| സാമ്പത്തികം | : | പി. ടി. എ. |

5. **പ്രവർത്തനത്തിന്റെ പേര് : പരിചിത സാഹിത്യം**

**ലക്ഷ്യങ്ങൾ**

★ എസ്. എസ്. ജി. യിലെ വിവിധ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികളെ കണ്ടെത്തി, സ്കൂളിൽ പ്രത്യേക ക്ലാസ് / ക്യാമ്പ് സംഘടിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

★ മാസത്തിലൊരിക്കൽ എസ്. എസ്. ജി. യുടെ സഹായത്തോടെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച (കല, കായികം, സാഹിത്യം) വ്യക്തികളെ വിദ്യാലയത്തിലെത്തിച്ച് ക്ലാസ് നൽകുന്നു. തിരഞ്ഞെടുത്ത ദിനാചരണങ്ങൾ പ്രവർത്തനങ്ങൾ ഇതുമായി കോർത്തിണക്കുന്നു.

| | | |
|---|---|---|
| ചുമതല | : | എസ്. ആർ. ജി. |
| കാലയളവ് | : | അക്കാദമിക വർഷം |
| സാമ്പത്തികം | : | പി. ടി. എ. |

## 6. പ്രവർത്തനത്തിന്റെ പേര് : തിളങ്ങുന്ന മലയാളം

**ലക്ഷ്യങ്ങൾ**

★ ക്ലാസിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി നിലവാരം മെച്ചപ്പെടുത്തുക.

**പ്രവർത്തനം**

★ എസ്. എസ്. എ. നടപ്പിലാക്കിയ മലയാളത്തിളക്കം പരിപാടി ജൂൺമാസത്തിൽ ആരംഭിക്കുകയും അതിന്റെ പ്രവർത്തന തുടർച്ചയ്ക്ക് സമയം കണ്ടെത്തി നൽകുകയും ചെയ്യുന്നു. രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ പ്രത്യേകം മീറ്റിംഗുകൾ നടത്തുന്നു.

| | | |
|---|---|---|
| ചുമതല | : | എസ്. ആർ. ജി. |
| കാലയളവ് | : | 2 മാസം |
| സാമ്പത്തികം | : | പി. ടി. എ. |

## 7. പ്രവർത്തനത്തിന്റെ പേര് : നിറക്കൂട്ട്

**ലക്ഷ്യങ്ങൾ**

★ മാഗസിൻ, പത്രം എന്നിവ പ്രസിദ്ധീകരിക്കൽ

**പ്രവർത്തനങ്ങൾ**

★ ക്ലാസ് പ്രവർത്തനത്തിലെയും, സർഗച്ചുമരിലെയും മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി വർഷാന്ത്യത്തിൽ പത്രം / സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുകയും, ഇവ കുട്ടികൾ, രക്ഷിതാക്കൾ, എസ്. എസ്. ജി., എന്നിവർക്ക് വിതരണം നടത്തണം.

| | | |
|---|---|---|
| ചുമതല | : | എസ്. ആർ. ജി. |
| കാലയളവ് | : | 1 വർഷം |
| സാമ്പത്തികം | : | എസ്. എസ്. ജി., ബി. ആർ. സി. |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

## 1. പ്രവർത്തനത്തിന്റെ പേര് : ഗണിതം ജീവിതം

### ലക്ഷ്യങ്ങൾ

- ★ അടിസ്ഥാന ഗണിത ശേഷി വികസനം ഉറപ്പാക്കൽ
- ★ ക്രിയകൾ. പ്രായോഗിക പ്രശ്നങ്ങൾ എന്നിവയുടെ സഹവർത്തിത പഠനം

### പ്രവർത്തനങ്ങൾ

- ★ പ്രത്യേക പ്രവർത്തനങ്ങളിലൂടെ ഭിന്നശേഷിക്കാരെ കണ്ടെത്തി ഗണിത വിജയം പോലുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- ★ സ്കൂളിനെ ഒരു യൂണിറ്റുമായി കണക്കാക്കി സഹപ്രവർത്തിത്വം പഠനത്തിലൂടെ എല്ലാ കുട്ടികൾക്കും ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പാക്കുന്നു. ഓരോ ഗ്രൂപ്പുകൾക്കും പ്രത്യേകം നിർദ്ദേശിച്ച പ്രവർത്തനങ്ങൾ നൽകി പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു.

| | | |
|---|---|---|
| ചുമതല | : | എസ്. ആർ. ജി. |
| കാലയളവ് | : | മാസത്തിൽ 2 ദിവസം |
| സാമ്പത്തികം | : | പി. ടി. എ. |

## 2. പ്രവർത്തനത്തിന്റെ പേര് : ഗണിതം രസകരം

### ലക്ഷ്യങ്ങൾ

- ★ ഗണിതാശയങ്ങൾ, കളി, ക്വിസ്, വ്യവഹാര രൂപങ്ങൾ എന്നിവയിലൂടെ കുട്ടികളിലെത്തിക്കൽ
- ★ ഗണിതം രസകരമാക്കൽ

### പ്രവർത്തനങ്ങൾ

- ★ പഠന പ്രവർത്തനങ്ങൾക്കനുബന്ധമായ കളികൾ ഓരോ യൂണിറ്റിലും പരിചയപ്പെടുത്തുന്നു

- ★ ഓരോ ടേം അവസാനിക്കുമ്പോഴും യൂണിറ്റുകളെ ആസ്പദമാക്കി ക്ലാസ് തല ക്വിസ്, Team / pair / individual എന്നീ രീതിയിൽ ഉചിതമായി തിരഞ്ഞെടുത്ത് നടത്തുന്നു.
- ★ മനക്കണക്ക്, കുസൃതി കണക്ക് എന്നിവയുടെ ക്ലാസ്തല മത്സരം സംഘടിപ്പിക്കുന്നു.
- ★ ഗണിത ലാബുകൾ ഒരുക്കുന്നു.
- ★ ഗണിത വുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, പാടുകൾ ജ്യാമനീയ രൂപങ്ങൾ, എന്നിവ ചുമരിൽ പതിച്ച് ഗണിതാന്തരീക്ഷമുള്ള ക്ലാസ് മുറി ഒരുക്കുന്നു.

ചുമതല : എസ്. ആർ. ജി.

കാലയളവ് : അക്കാദമിക വർഷം

സാമ്പത്തികം : പി. ടി. എ.

**മേഖല : അക്കാദമികം**

**ഉപമേഖല : ശാസ്ത്ര പഠനം**

1. **പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര കൗതുകം**

ലക്ഷ്യങ്ങൾ

- ★ ശാസ്ത്ര ബോധം വളർത്തുക
- ★ എല്ലാ കുട്ടികളെയും പരീക്ഷണങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുക

<u>പ്രവർത്തനങ്ങൾ</u>

- ★ ക്ലാസിൽ പരീക്ഷണ മൂല തയ്യാറാക്കി സാമഗ്രികൾ ലഭ്യമാക്കുന്നു.
- ★ തിരഞ്ഞെടുത്ത പരീക്ഷണങ്ങൾ ഉൾപ്പെടുത്തി പരീക്ഷണ പ്രദർശന ശിൽപശാല സംഘടിപ്പിക്കുന്നു. രക്ഷിതാക്കൾക്കും മറ്റും കണാനുള്ള അവസരം ഒരുക്കുന്നു.

ചുമതല : എസ്. ആർ. ജി., പി. ടി. എ.

കാലയളവ് : അക്കാദമിക വർഷം

സാമ്പത്തികം : പി. ടി. എ.

2\. ## പ്രവർത്തനത്തിന്റെ പേര് : സഞ്ചാരം

### ലക്ഷ്യങ്ങൾ

★ ചുറ്റുമുള്ള പരിസ്ഥിതി പ്രാധാന്യമുള്ളവരും ചരിത്രപരവുമായ സ്ഥലങ്ങൾ കണ്ടെത്തി യാത്ര നടത്തുന്നു.

★ കൗതുകം, വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുക

### പ്രവർത്തനങ്ങൾ

★ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ക്ലാസ് തലം സ്കൂൾ തലം പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

★ യാത്രാ വിവരണങ്ങൾ എഴുതിയ പതിപ്പുകൾ തയ്യാറാക്കുന്നു.

★ ശേഖരണം, നിരീക്ഷണം എന്നിവക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി പരിസ്ഥിതിയെ അടുത്തറിയുകയും പ്രകൃതി സൗഹൃദ മനോഭാവം വളർത്താനാവശ്യമായ ചിത്രരചന പെയിന്റിംഗ് മത്സരങ്ങൾ നടത്തുന്നു.

★ ദിനാചരണങ്ങൾ കോർത്തിണക്കി അഭിമുഖങ്ങൾ ശാസ്ത്ര ക്ലാസുകൾ എന്നിവ മാസത്തിൽ ഒന്ന് എന്ന രീതിയിൽ. സ്കൂൾ തല പ്രവർത്തനമായി സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| ചുമതല | : | എസ്. ആർ. ജി. |
| കാലയളവ് | : | മാസത്തിൽ |
| സാമ്പത്തികം | : | പി. ടി. എ. |

3\. ## പ്രവർത്തനത്തിന്റെ പേര് : ആരോഗ്യം സമ്പത്ത്

### ലക്ഷ്യങ്ങൾ

★ പോഷക സമൃദ്ധ വിഷ രഹിതമായ ആഹാര പാനീയ പദാർത്ഥങ്ങൾ നിർമ്മിക്കാനും അവയുടെ വ്യാപനവും

### പ്രവർത്തനങ്ങൾ

★ വർഷാവസാനത്തിൽ രക്ഷിതാക്കളെ പങ്കെടുപ്പിച്ച് അവർ ഉണ്ടാക്കിയ ആഹാര പദാർത്ഥങ്ങളുടെ പ്രദർശനവും അതിനെക്കുറിച്ചുള്ള വിവരണവും സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| ചുമതല | : | പി. ടി. എ. |
| കാലയളവ് | : | ഫെബ്രുവരി |
| സാമ്പത്തികം | : | പി. ടി. എ. |

4. പ്രവർത്തനത്തിന്റെ പേര് : ഔഷധ ലോകത്തെ നാട്ടറിവുകൾ

ലക്ഷ്യങ്ങൾ

★ നിലനിൽക്കുന്ന പ്രായോഗിക നാട്ടറിവുകൾ പങ്കുവെക്കലും ഒറ്റ മൂലികളുടെ പ്രദർശനവും.

★ ചുറ്റുമുള്ള ഔഷധ സസ്യങ്ങൾ കണ്ടെത്തൽ

പ്രവർത്തനങ്ങൾ

★ എസ്. എസ്. ജി നാട്ടു വൈദ്യർ എന്നിവരെ സംഘടിപ്പിച്ച് അവരുടെ ഔഷധ ലോകത്തെ അറിവുകൾ പങ്കുവെയ്ക്കൽ, സസ്യങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ച കുറിപ്പുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

★ പ്രകൃതി നടത്തത്തിലൂടെ ചെടികളിൽ നെയിം സ്ലിപ്പുകൾ പതിക്കൽ പ്രവർത്തനവും നടത്തുന്നു.

| | | |
|---|---|---|
| ചുമതല | : | പി. ടി. എ. |
| കാലയളവ് | : | ജനുവരി |
| സാമ്പത്തികം | : | പി. ടി. എ. |

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ്**

1. പ്രവർത്തനത്തിന്റെ പേര് : ABCD

ലക്ഷ്യങ്ങൾ

★ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനങ്ങൾ

★ "My self" ബുധനാഴ്ചയിലെ ഇംഗ്ലീഷ് അസംബ്ലിയിൽ അവതരിപ്പിക്കുന്നു. .

- ★ അസംബ്ലിയിൽ ഇംഗ്ലീഷ് വായനാസാമഗ്രികൾ വായിച്ച് അവതരിപ്പിക്കൽ
- ★ "My Dictionary" ഓരോ ക്ലാസിലും പഠിച്ച വാക്കുകൾ ഉൾപ്പെടുത്തി സ്വന്തം നിഘണ്ടു വികസിപ്പിക്കൽ
- ★ IT ഉപയോഗിച്ച് ഇംഗ്ലീഷ് Story, Poem എന്നിവ ആഴ്ചയിലൊരിക്കൽ കാണാനും കേൾക്കാനും അവസരം ഒരുക്കൽ
- ★ കുട്ടികൾ തമ്മിൽ English Concervation-നുള്ള അവസരം ഉണ്ടാക്കുന്നു

ചുമതല : എസ്. ആർ. ജി., പി. ടി. എ.

കാലയളവ് : അക്കാദമിക വർഷം

സാമ്പത്തികം : പി. ടി. എ.

## മേഖല . : അക്കാദമികം
## ഉപമേഖല : പാഠ്യേതരം

### 1. പ്രവർത്തനത്തിന്റെ പേര് - ഒന്നാമൻ

ലക്ഷ്യങ്ങൾ

- ★ കുട്ടികളുടെ മികവുകൾ പരിപോഷിപ്പിച്ച് ആത്മവിശ്വാസം വളർത്തൽ

പ്രവർത്തനങ്ങൾ

- ★ സ്വന്തം കഴിവുകൾ പ്രദർശിപ്പിച്ച് അംഗീകാരം നേടി എല്ലാവരും ഒന്നാമൻ എന്ന പ്രദർശന ബോർഡിൽ പേരും ഇനവും ചേർക്കാനവസരം നൽകുന്നു. ഇതിനായി കായികമേള, ബാലസഭ, കമ്പ്യൂട്ടർ പഠനം, നിർമ്മാണം, മരംകയറ്റം, കളി, സൈക്കിൾ സവാരി, ശുചിത്വം, പാചകം, ചിത്രം വര, പെയിന്റിംഗ്, മനക്കണക്ക്, തുടങ്ങിയ എല്ലാ ആക്ടിവിറ്റികളേയും പരിശോധിച്ച് വർഷാവസാനം എത്തുമ്പോൾ എല്ലാകുട്ടികളേയും ഏതെങ്കിലും ഒരു മികവിലെങ്കിലും ഒന്നാമനാക്കുന്നു.

ചുമതല : എസ്. ആർ. ജി.

കാലയളവ് : 1 വർഷം

സാമ്പത്തികം : പി. ടി. എ.

2. പ്രവർത്തനത്തിന്റെ പേര് : ബാലവാടി

ലക്ഷ്യങ്ങൾ

★ പ്രീ-പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കൽ
★ ശാസ്ത്രീയ ആധുനികവത്ക്കരണം നടപ്പിലാക്കൽ

പ്രവർത്തനങ്ങൾ

★ പ്രീ-പ്രൈമറിക്കായി ബാലസഭ, അധ്യാപക പരിശീലനം കുട്ടികൾക്കുള്ള കളി ഉദ്യാനം എന്നിവ ഒരുക്കി നൽകൽ.

| | | |
|---|---|---|
| ചുമതല | : | എസ്. എസ്. ജി. |
| കാലയളവ് | : | 3 വർഷം |
| സാമ്പത്തികം | : | എസ്. എസ്. ജി., സർക്കാർ സംവിധാനങ്ങൾ |

3. ജൈവ വൈവിധ്യ പാർക്ക്

മേഖല :-അക്കാദമികം

ഉപമേഖല:- പാഠ്യേതരം

3. പ്രവർത്തനത്തിന്റെ പേര് :- ജൈവ വൈവിധ്യ പാർക്ക്

<u>ലക്ഷ്യങ്ങൾ</u>

- ആവാസവ്യവസ്ഥ നിലനിർത്തുക
- സഹജീവികളോട് സ്നേഹം വളർത്തുക

<u>പ്രവർത്തനങ്ങൾ</u>

തെരഞ്ഞെടുത്ത സ്ഥലത്ത് ,വ്യതിയാനം വരാത്ത വിധം വി വിധങ്ങളായ സസ്യജാലങ്ങൾ ,വാസസ്ഥലങ്ങൾ എന്നിവ ഒരുക്കുന്നു . ഇതിന്റെ പരിപാലനം കുട്ടികള് ,പി ടി എ എന്നിവർക്ക് വീതിച്ചു നൽകുന്നു.

ചുമതല :-SRG, PTA

കാലയളവ് :-അക്കാദമിക വർഷം

സാമ്പത്തികം :- BRC,പഞ്ചായത്ത്

## സമഗ്ര ഗുണമേന്മ പദ്ധതി

<u>ലക്ഷ്യം</u> ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട ശേഷി നേടുക

### പ്രവർത്തന ക്രമം

ഒരു ക്ലാസിലും പ്രീടെസ്റ്റിലൂടെ മുൻ ക്ലാസിൽ നേടിയ ശേഷികളും നേടാത്ത ശേഷികളും തിരിച്ചറിയുന്നു

കുട്ടിയെ ഒരു യൂണിറ്റായി കണ്ട് മുൻ ക്ലാസിലെ ശേഷികൾ നേടിയെടുക്കാനുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുന്നു

ജൂലൈ മാസത്തിൽ വിലയിരുത്തൽ ടെസ്റ്റ്

ഓരോ ക്ലാസ്സുകളിലും പഠന പ്രവർത്തനവുമായി ഉൾചേർത്ത് തുടർ പ്രക്രിയ നടപ്പിലാക്കുന്നു

ചുമതല ക്ലാസ് അധ്യാപകർ

കാലയളവ് ജൂൺ ജൂലൈ

സാമ്പത്തികം പിടിഎ

## വൺ സ്കൂൾ വൺ ഗെയിം

<u>ലക്ഷ്യം</u> കുട്ടികളുടെ ശാരീരിക മാനസിക ക്ഷമത വർദ്ധിപ്പിക്കലും ഉല്ലാസം നേടലും

### പ്രവർത്തനം

ഡിജിറ്റൽ മാധ്യമങ്ങളോട് അച്ചടക്കം പാലിക്കൽ

വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഫുട്ബോൾ ഗെയിം പരിശീലിപ്പിക്കാൻ ആഴ്ചയിൽ രണ്ടുദിവസം 40 മിനിറ്റ് വീതം

വിദ്യാലയത്തിനുപുറത്തും വീട്ടിലും ഇത്തരം കളികൾ പ്രോത്സാഹിപ്പിക്കുന്നു മത്സരങ്ങൾ സംഘടിപ്പിക്കുന്നു കളിക്കാന് ആവശ്യമായ ഉപകരണങ്ങൾ ജഴ്സി എന്നിവ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നു

ചുമതല അധ്യാപകർ

കാലയളവ് ജൂൺ മുതൽ മാർച്ച്

സാമ്പത്തികം സ്പോൺസർഷിപ്പ്

ആരോഗ്യ ശീലങ്ങൾ ശുചിത്വബോധം കൈവരിക്കൽ

ലക്ഷ്യം വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കൽ

പ്രവർത്തനം ശുചിത്വ ശീലങ്ങൾ ഉൾപ്പെടുന്ന പോസ്റ്റർ ചാർട്ട് എന്നിവ പ്രദർശിപ്പിക്കൽ

ആഴ്ചയിൽ ഒരിക്കൽ മോണിറ്ററിംഗ്

ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം ആക്കി മാറ്റാൻ

വേസ്റ്റ് മെറ്റീരിയൽ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ

വിദ്യാലയത്തിന് ചുറ്റും പൂന്തോട്ടം വെച്ചുപിടിപ്പിക്കൽ

സെൽഫി പോയിന്റുകൾ ഒരുക്കൽ

പേപ്പർ ബാഗ് സ്റ്റീൽ ബോട്ടിൽ എന്നിവ ഉപയോഗിക്കുന്ന പ പ്രോത്സാഹിപ്പിക്കൽ

ചുമതല അധ്യാപകർ പഞ്ചായത്ത്

കാലയളവ് ജൂൺ മുതൽ മാർച്ച് വരെ

സാമ്പത്തികം പിടിഎ

ഡിജിറ്റൽ അച്ചടക്കം ലക്ഷ്യം - സാങ്കേതികവിദ്യയിലെ അമിതോപയോഗങ്ങൾ കുറയ്ക്കുക

ഉല്ലാസകേളികളിൽ ഏർപ്പെടുക

## മാലിന്യ സംസ്കരണം

ലക്ഷ്യം - വിദ്യാലയവും വീടും പരിസരവും മാലിന്യമുക്തമാക്കൽ

ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കൽ...

വലിച്ചെറിയൽ സംസ്കാരം ഉപേക്ഷിക്കൽ... പ്രവർത്തനം - വിദ്യാലയത്തിലെ എല്ലാ ക്ലാസുകളിലും വേസ്റ്റ് ബിൻ സ്ഥാപിക്കുക. സ്ക്കൂൾ തലത്തിൽ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കാൻ പ്രത്യേക Bin സ്ഥാപിക്കുക സ്ക്കൂൾ തല ഹരിത ക്ലബ് രൂപീകരണവും പ്രവർത്തനങ്ങൾ ഏറ്റെടുക്കലും..... ഹരിത കർമ്മസേനയെ പ്രയോജനപ്പെടുത്തൽ

'പ്രവർത്തനം

ബോധവൽക്കരണ സെമിനാർ കുട്ടികൾക്കും രക്ഷിതാക്കൾക്കും .

പത്രവായന പുസ്തകവായന പ്രോത്സാഹിപ്പിക്കൽ

ചുമതല അധ്യാപകർ കാലയളവ് - ജൂൺ - മാർച്ച്

സാമ്പത്തികം പി ടി എ

## പൊതുമുതൽ സംരക്ഷണം

ലക്ഷ്യം പൊതുമുതൽ സംരക്ഷിക്കേണ്ടതിൻ്റെ ആവശ്യകത മനസ്സിലാക്കൽ'

പ്രവർത്തനം - വിദ്യാലയത്തിലെ പൊതു ഉപകരണങ്ങൾക്ക് care taker മാരെ നിശ്ചയിക്കൽ (വിദ്യാർത്ഥികൾ)

സമൂഹത്തിലെ പൊതുമുതൽ സ്വന്തം സ്വത്താണെന്ന മനോഭാവം വളർത്തൽ

ആശയപ്രചരണം സംഘടിപ്പിക്കൽ ...

## ലഹരിക്കെതിരെയുള്ള പ്രതിരോധം

ലക്ഷ്യം - ലഹരി ഉപയോഗത്തിൻ്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം വളർത്തൽ

പ്രവർത്തനം

വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ (കുട്ടികൾക്കും രക്ഷിതാക്കൾക്കും )

രചനാ മത്സരം നടത്തൽ

ജൂൺ 26 ലഹരി വിരുദ്ധ ദിനം..

March ൽ പഠനോത്സവുമായി ബന്ധപ്പെട്ട Skit തയ്യാറാക്കൽ

ചുമതല -അധ്യാപകർ

കാലയളവ് ജൂൺ മാസം ജനുവരി - മാർച്ച് സാമ്പത്തികം- പി ടി എ

ട്രാഫിക് നിയമങ്ങൾ

ലക്ഷ്യം - റോഡ് നിയമങ്ങൾ പാലിക്കേണ്ടതിൻ്റെ ആവശ്യകത....

പ്രവർത്തനം

മോക്ഡ്രിൽ സംഘടിപ്പിക്കൽ ..

ക്ലാസ് തല പ്രവർത്തനങ്ങളിൽ ഊന്നൽ നൽകൽ...

ചുമതല - അധ്യാപകർ

കാലയളവ് - ജൂലൈ

സാമ്പത്തികം പി ടി എ

ശ്രദ്ധ

ലക്ഷ്യം SEAS NAS അഭിരുചി പരീക്ഷകൾക്ക് പരിശീലനം നൽകൽ തയ്യാറെടുക്കൽ ....

പ്രവർത്തനം

വിദ്യാഭ്യാസ വകുപ്പിൻ്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ശ്രദ്ധ മൂന്നാം ക്ലാസ് കേന്ദ്രീകരിച്ച് നടപ്പിലാക്കൽ ...

പോർട്ട് പോളിയോ രേഖകൾ സൂക്ഷിച്ചു വെക്കൽ

ചുമതല - അധ്യാപകർ

കാലയളവ് - ജൂൺ - മാർച്ച്

സാമ്പത്തികം പി ടി എ

കലാകായികം

ലക്ഷ്യം ആരോഗ്യ വിദ്യാഭ്യാസം

## സർഗാത്മക വളർത്തൽ

### പ്രവർത്തനം

Zumba dance Assembly യിൽ അവതരിപ്പിക്കുന്നു.

സർഗവേദിയിൽ കുട്ടികളെ പങ്കാളികളാക്കൽ

July - കഥ

August - പ്രസംഗം

September-കവിത

October - ചിത്ര രചന

Novemer - സ്കിറ്റ്

December -കഥ

January - കവിത

February - Dance അഭിനയ ഗാനം...

സർഗാത്മക രചനക്കുള്ള പുസ്തകം വെക്കൽ ...

### മത്സര പരീക്ഷക്കുള്ള പരിശീലനം

ലക്ഷ്യം - LSS SEAS NAS എന്നിവക്കുള്ള പരിശീലനം കൊടുക്കൽ

LSS- 4th std ൽ

SEAS NAS 3rd std ൽ

### പ്രവർത്തനങ്ങൾ

LSS- എല്ലാവിഷയങ്ങളിലും ഒരോ യൂണിറ്റിൻ്റെയും അവസാനം
LSS മാതൃകയിൽ ചോദ്യങ്ങൾ തയ്യാറാക്കൽ

Dec march പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ മേഖല വലിയ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ. ജനാധിപത്യ മൂല്യങ്ങളും മതനിരപേക്ഷതയും ഉയർത്തിപിടിച്ച് രാജ്യത്തെ ഉന്നത പൗരൻമാരാക്കി ഓരോ കുട്ടിയേയും മാറ്റുന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമോന്നത ലക്ഷ്യം. സമുഹത്തിന്റെ വിവിധങ്ങളായ കൂട്ടായ്മയിലൂടെയും ശരിയായ കർത്തവ്യ നിർവഹണത്തിലൂടെയും മാത്രമാണ് യഥാർത്ഥ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കഴിയുക. കേരള സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഊർജ്ജം ഉൾക്കൊണ്ട് തികഞ്ഞ ആത്മവിശ്വാത്തോടെ മുന്നോട്ടു പോകണം. അതി വിദൂരമല്ലാത്ത സമയ പരിധിയ്ക്കുള്ളിൽ ഓരോ ഉദ്ദേശ്യങ്ങളും സാക്ഷാത്ക്കരിക്കപ്പെടുന്നതാണ് ലക്ഷ്യ മുന്നോട്ടു വെച്ച ആശയങ്ങൾ. മുന്നോട്ടുള്ള പ്രയാണത്തിൽ സർവ്വരുടെയും എക്കാലത്തേയും കൈതാങ്ങ് ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ഒർമ്മപ്പെടുത്തട്ടെ .......